അസംസ്കൃത റബ്ബറിന്റെ തറവില

*241 [256] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത റബ്ബറിന്റെ തറവില പുതുക്കി നിശ്ചയിക്കുന്നതിനേക്കുറിച്ച് സംസ്ഥാന ഗവൺമെന്റുമായി ഏതെങ്കിലും നിലവാരത്തിൽ ചർച്ച ചെയ്യുവാൻ കേന്ദ്രഗവൺമെന്റ് മുമ്പോട്ട് വന്നിരുന്നോ; ഉണ്ടെങ്കിൽ അതേക്കുറിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നെന്ന് വ്യക്തമാക്കാമോ?

(ബി) റബ്ബറിന്റെ വിലയിൽ വന്ന മാറ്റത്തെ ചൂഷണം ചെയ്തുകൊണ്ട് റബ്ബർ മാനുഫാക്ച്ചറേഴ്സ് ടയറുകളുടെ വില അമിതമായി വർദ്ധിപ്പിക്കുകയും മറ്റും ചെയ്തിട്ടുള്ള നടപടികളിൽ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) റബ്ബർ ഉല്പാദകരുടേയും റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാതാക്കളുടെയും റബ്ബർ വ്യവസായികളുടെയും കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുകളുടെയും റബ്ബർ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളുടെയും റബ്ബർ ബോർഡിന്റെയും പ്രതിനിധികൾ ചേർന്ന ഒരു യോഗം കേന്ദ്രഗവൺമെന്റ് 9.1.1979-ൽ ന്യൂ ഡൽഹിയിൽ വിളിച്ചുകൂട്ടുകയുണ്ടായി. നിലവിലുള്ള ഉൽപ്പാദനച്ചെലവ് കണക്കിലെടുത്ത് റബ്ബർ ഉല്പാദകർക്ക് പ്രോൽസാഹനകരവും ലാഭകരവും ആയ വിധത്തിൽ (incentive and remunerative price) റബ്ബറിന്റെ തറവില പുതുക്കി നിശ്ചയിക്കണമെന്നായിരുന്നു സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്.

(ബി) ടയറുകളുടെയും ട്യൂബുകളുടെയും വില നിയന്ത്രിക്കാൻ നിയമപരമായ കടമ്രോം നിലവിലില്ല. (Statutory control). പക്ഷേ, അസംസ്കൃത റബ്ബറിന്റെയും റബ്ബറുൽപ്പന്നങ്ങളുടെയും വില തമ്മിൽ പൊരുത്തപ്പെടുത്തണ (Co-relate) മെന്ന് വളരെ നേരത്തെതന്നെ കേന്ദ്രഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിലെ ഹൃംടൈം കണ്ടിജൻസി ജീവനക്കാർക്കു മിനിമം ശമ്പളം

*242 [257] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിലെ ഹൃംടൈം കണ്ടിജൻസി ജീവനക്കാർക്കു 196 ക. മിനിമം ശമ്പളം നൽകണമെന്നുള്ള വകുപ്പ് മന്ത്രിയുടെ ഉത്തരവ് എന്നുണ്ടായി;

(ബി) ഈ ഉത്തരവ് നടപ്പാക്കാൻ ഇന്നുവരെ ഫൈനാൻസ് വകുപ്പ് അനുമതി നൽകിയില്ലെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിയുംവേഗം ഈ ഉത്തരവ് നടപ്പാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly